(27) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിലെ നിയമനങ്ങൾ

ശ്രീ. കെ. ബാബു : സർ, പിന്നോക്ക വിഭാഗവികസന കോർപ്പറേഷനിലെ നിയമനം സംബന്ധിച്ച പ്രശ്നമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. വഴി നടത്തണമെന്നാണ് വ്യവസ്ഥ. എന്നാൽ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ വിവിധ തസ്തികകളിലേയ്ക്ക് എപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആറു മാസത്തേയ്ക്കു നിയമിച്ച ആളുകളെ സ്ഥിരപ്പെടുത്താൻ പോകുന്നതായി പരാതി ഉണ്ടായിട്ടുണ്ട്. സുപ്രീം കോടതിയുടെ വിധി ഈ കാര്യത്തിൽ ഉണ്ടായിട്ടുള്ളതാണ്. സുപ്രീം കോടതി വിധിയിൽ എപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് സ്ഥിരം നിയമനം നടത്തുന്ന നടപടി കോർപ്പറേഷൻ സ്വീകരിക്കാൻ പാടില്ലായെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. അതുമാത്രമല്ല നിയസഭയിൽത്തന്നെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അത് പി.എസ്.സി.ക്ക് വിടുമെന്ന് ഉത്തരം നൽകിയിട്ടുള്ളതുമാണ്. അതുകൊണ്ട് പിന്നോക്ക വിഭാഗവികസന കോർപ്പറേഷനിൽ സ്ഥിരമായി നടക്കാൻ പോകുന്ന നിയമനങ്ങൾ പി. എസ്. സി. വഴി നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, 28-2-1995-ലാണ് കേരളത്തിലെ സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ രൂപീകരിച്ചത്. അവിടെ ഏകദേശം 217 ഓളം ആളുകളെ വിവിധ തസ്തികകളിലായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ദിവസവേതന വ്യവസ്ഥയിലുമാണ് നിയമിച്ചിരുന്നത്. യാതൊരു മാനദണ്ഡവുമില്ലാതെയാണ് ഈ നിയമനങ്ങൾ നടത്തിയിരുന്നത്. പി.എസ്.സി.-ക്ക് വിട്ടുകഴിഞ്ഞാൽ ധാരാളം കാലതാമസം വരികയും ചെയ്യും. സ്ഥിരമായ നിയമനമല്ലാത്തതുകൊണ്ട് ധാരാളം ബുദ്ധിമുട്ടുകളുണ്ടെന്നതിന്റെ അടിസ്ഥാനത്തിലാണ് എപ്ലോയ്മെന്റ് എക്സ്ചെയിഞ്ചിൽ പേരു രജിസ്റ്റർ ചെയ്യുകയും നിരവധി കാലം തൊഴിലിനു വേണ്ടി കാത്തിരിക്കുകയും ചെയ്യുന്ന ആളുകൾക്ക് എല്ലാ മാനദണ്ഡങ്ങളും, കമ്മ്യൂണിറ്റി റൊട്ടേഷനടക്കം പരിശോധിച്ച്, റിട്ടൺ ടെസ്റ്റ് നടത്തി, ഇന്റർവ്യൂ നടത്തി നിയമനം നൽകാൻ നടപടി സ്വീകരിച്ചത്. നിലവിലുള്ള നിയമമെല്ലാം പാലിച്ചുകൊണ്ടാണ് ഗവൺമെന്റ് ഇതു ചെയ്തിരിക്കുന്നത്.

(28) ഇടുക്കി ഡാമിലേയ്ക്കുവരുന്ന പെരിയാർ നദിയിലെ വെള്ളം തിരിച്ചു വിടുന്നത് സംബന്ധിച്ച്

ശ്രീ. ടി.കെ ബാലൻ : സർ, ഇടുക്കി വാട്ടർ റിസർവോയറിലേക്കുള്ള അഴുത ഓഗ്മെന്റേഷൻ സ്കീമിൽ വലിയ ചെക്ക്ഡാം നിർമ്മാണം നടന്നു കൊണ്ടിരിക്കുകയാണ്. നൂറാടിപ്പാലം എന്ന സ്ഥലത്താണ് ഇത് നിർമ്മിക്കുന്നത്. 20 മീറ്റർ നീളവും 3 മീറ്റർ ഉയരവുമുള്ള ഈ ചെക്ക്ഡാം നിർമ്മാണത്തോടെ വേനൽക്കാലത്തു മുഴുവൻ വെള്ളവും തിരിച്ചുവിടാൻ കഴിയും. 120 മില്യൻ ക്യൂബിക് മീറ്റർ വെള്ളംകൊണ്ട് 120 മില്യൻ യൂണിറ്റ് കറന്റ് ഉണ്ടാക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly